(ബി) ഈ അദ്ധ്യയനവർഷം എത്ര കോളേജുകൾക്ക് എം. എഡ്. കോഴ്സ് അനുവദിച്ചിട്ടുണ്ട്. ; ഏതെല്ലാം ; ഗവൺമെന്റ്, സ്വകാര്യമേഖല, സ്വാശ്രയമേഖല, തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് സർവ്വകലാശാല കോഴിക്കോട് സർക്കാർ ട്രെയിനിംഗ് കോളേജിൽ എം. എഡ്. കോഴ്സ് ആരംഭിക്കാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ കാര്യത്തിൽ എന്തുകൊണ്ടാണ് സർക്കാർ തീരുമാനമെടുക്കാത്തതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ നിലവിലില്ല. എന്നാൽ കോഴിക്കോട് ഗവൺമെന്റ് ട്രെയിനിംഗ് കോളേജിൽ എം. എഡ്. കോഴ്സ് അനുവദിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

(ബി) ഈ അദ്ധ്യയനവർഷം 17 കോളേജുകൾക്ക് എം. എഡ്. കോഴസ് തുടങ്ങുന്നതിന് എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഗവൺമെന്റ് കോളേജുകളിൽ എം. എഡ്. കോഴ്സ് അനുവദിച്ചിട്ടില്ല. സ്വകാര്യ സ്വാശ്രയമേഖലയിലെ കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്.

(ഡി) അനുമതി നൽകിയിട്ടില്ല. സർക്കാരിന്റെ പരിഗണനയിലാണ്.

വണ്ടിപ്പെരിയാർ-ഏലപ്പാറ ഹൈസ്ക്കൂളിൽ പ്ലസ്വൺ കോഴ്സ് അനുവദിച്ചത് ബന്ധപ്പെട്ട എം. എൽ. എ. യെ അറിയിക്കാൻ നടപടി

61 [1464] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ വണ്ടിപ്പെരിയാർ പഞ്ചായത്ത് എച്ച്. എസ്.-നും ഏലപ്പാറ പഞ്ചായത്ത് എച്ച്. എസ്.-നും പ്ലസ്വൺ കോഴ്സ് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഈ സ്ക്കൂളുകളിൽ പ്ലസ്വൺ കോഴ്സ് തുടങ്ങുന്നതിന് ഏതെങ്കിലും എം. എൽ. എ. കത്തുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ ആരാണ് ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്ലസ്‌വൺ കോഴ്സ് ആരംഭിക്കുന്നതിന് ഉത്തരവായപ്പോൾ ഇതേ ആവശ്യത്തിലേക്ക് കത്ത് നൽകിയ എം. എൽ. എ. യ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കോഴ്സ് അനുവദിച്ച് ഉത്തരവായ വിവരം അറിയിപ്പായി എം. എൽ. എ. യ്ക്ക് നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വണ്ടിപ്പെരിയാർ പഞ്ചായത്ത് എച്ച്. എസ്.-നും ഏലപ്പാറ പഞ്ചായത്ത് എച്ച്. എസ്.-നും പ്ലസ്‌വൺ കോഴ്സ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച 20-7-2004-ലെ ജി. ഒ. (എംഎസ്.) 227/04/പൊ.വി.വ. എന്ന ഉത്തരവിന്റെ കോപ്പി അനുബന്ധമായി കൊടുക്കുന്നു.†

(ബി), (സി) & (ഡി) പുതുതായി ഹയർസെക്കണ്ടറി കോഴ്സ് അനുവദിക്കുന്നത് ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യങ്ങൾ, സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ തുടങ്ങിയ നിരവധി ഘടകങ്ങൾ കണക്കിലെടുത്താണ്. ഗവൺമെന്റ് സ്കൂളുകളിൽ പുതുതായി പ്ലസ്ടു കോഴ്സ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം. എൽ. എ. മാർ, എം. പി. മാർ, വിവിധ സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർതൃ സംഘടനകൾ മുതലായവരിൽ നിന്ന് നിരവധി കത്തുകളും അപേക്ഷകളും സർക്കാരിന് ലഭിക്കാറുണ്ട്. കോഴ്സ് അനുവദിക്കുന്നത് പൊതുവായ ഉത്തരവിലൂടെയായതിനാലും ഇത്തരം കത്തുകളുടെയും അപേക്ഷകളുടെയും ബാഹുല്യം നിമിത്തവും ഓരോ കത്തുകൾക്കും മറുപടി നൽകുക പ്രായോഗികമല്ല. മുകളിൽ പരാമർശിച്ച സ്കൂളുകൾക്ക് പ്ലസ് വൺ കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും എം. എൽ. എ. മാരുടെ കത്തുകൾ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിൽ ഇംഗ്ലീഷ് എച്ച്. എസ്. എ. മാരുടെ നിയമനം

62 [1465] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, എം. എ. വാഹീദ് :

,, വി. ജെ. പൗലോസ് :

,, എം. എം. ഹസ്സൻ :

പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly